**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3265 — 19.06.19 - ൽ മറുപടിക്ക്.

**കേരളചിക്കൻ പ്രൊഡ്യൂസർ കമ്പനി**

| **ചോദ്യം**<br>ശ്രീ. കെ. ബാബു | | **മറുപടി**<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള കേരളചിക്കൻ പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കമോ; | (എ) (ബി) & (സി) കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി വെണ്ടർമാരെ തിരഞ്ഞെടുത്തു. ജർമ്മനി, ഹോളണ്ട് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും അതിനൂതന മെഷീനറികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഐ.ഇ.സി (ഇംപോർട്ട് എക്സ്പോർട്ട് കോഡ്) ലഭ്യമാക്കി, കമ്പനികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 549 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു. പദ്ധതിയ്ക്കാവശ്യമായിട്ടുള്ള പാരന്റ്, ബ്രീഡർ ഫാം, അബറ്റോയർ, റെൻഡറിംഗ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന റീജിയണൽ യൂണിറ്റുകൾ ആരംഭിക്കുന്നത് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ്. ഇതിനായി തിരുവനന്തപുരം ജില്ലയിൽ സ്ഥലം ഏറ്റെടുക്കുകയും, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റീജിയണൽ യൂണിറ്റുകളിൽ നിന്ന് സംസ്ഥാനത്തെ മുഴുവൻ ഫാമുകൾക്കും ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും വിപണന സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തുവരുന്നു. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കമോ; | |
| (സി) | നിലവിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ